**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 919** **31-01-2024 - ൽ മറുപടിയ്ക്ക്**

**ശബരിമലയിൽ മണ്ഡലകാലത്തെ ക്യൂ ക്രമീകരണത്തിലെ വീഴ്ച**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ശബരിമലയിൽ മണ്ഡലകാലത്തെ ക്യൂ ക്രമീകരണത്തിൽ വീഴ്ച ഉണ്ടായിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ; | (എ) | ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ട്. മണ്ഡല-മകരവിളക്ക് കാലത്ത് ശബരിമലയിൽ ഭക്തജനങ്ങളുടെ തിരക്ക് നിയന്ത്രിക്കുന്നതുമായി ബന്ധപ്പെട്ട് വെർച്ചൽ ക്യൂ ബുക്കിംഗ് വഴി പമ്പയിൽ എത്തിച്ചേർന്ന 60000-നും 70000-നും ഇടയ്ക്കുള്ള ഭക്തജനങ്ങളെ 13 വെർച്ചൽ ക്യൂ വെരിഫിക്കേഷൻ കൗണ്ടറുകൾ വഴി പ്രതിദിനം ശബരിമല ദർശനത്തിനായി കടത്തിവിടുകയുണ്ടായി. തിരക്കേറിയ ദിവസങ്ങളിൽ വെർച്ചൽ ക്യൂ ബുക്കിംഗ് ഇല്ലാതെ spot booking വഴി എത്തിച്ചേർന്ന 8000 നും 10000 നും ഇടയ്ക്കുള്ള ഭക്തജനങ്ങൾക്കും ദർശനം നടത്തുന്നതിന് സൗകര്യം ഒരുക്കി നൽകിയിട്ടുണ്ട്. ബുക്കിംഗ് ഇല്ലാതെ എത്തിച്ചേർന്ന 20000-നും 30000 -നും ഇടയ്ക്കുള്ള ഭക്തജനങ്ങളും ദർശനം നടത്തിയിട്ടുണ്ട്. അതിലുപരി പുൽമേട് വഴി ശരാശരി 5000 ആളുകൾ ഒരു ദിവസം ശബരിമലയിൽ എത്തിച്ചേർന്നിട്ടുണ്ട്. തിരക്ക് നിയന്ത്രിക്കുന്നതിന് തീർത്ഥാടകരെ segment കളാക്കി കൃത്യമായി വെർച്ചൽ ക്യൂ കൗണ്ടറുകൾ വഴി കടത്തി വിട്ടാണ് ദർശന സൗകര്യം ഒരുക്കിയിരുന്നത്. സന്നിധാനത്തും, പമ്പയിലും, നിലയ്ക്കലിലും പോലീസ് ഉദ്യോഗസ്ഥരെ ഓരോ എസ്.പി. മാരുടെ നേതൃത്വത്തിൽ പോലീസ് ബന്തവസ് സ്കീം പ്രകാരം വിന്യസിച്ചാണ് ഭക്തജനത്തിരക്ക് നിയന്ത്രിച്ചിരുന്നത്. ഇതിനായി മണ്ഡല-മകരവിളക്ക് സീസൺ 6 ഫേസുകളായി തിരിച്ചാണ് പോലീസ് ഉദ്യോഗസ്ഥരെ ഡ്യൂട്ടിയ്ക്കായി നിയോഗിച്ചിരുന്നത്. ജനക്കൂട്ടം നിയന്ത്രിയ്ക്കുന്നതിന് ആവശ്യമായ സേനാ വിന്യാസം ഓരോ ഫേസുകളിലും നടത്തിയിരുന്നു. കൂടാതെ മണ്ഡലപൂജ-മകരവിളക്ക് കാലയളവിലെ തിരക്കേറിയ ദിവസങ്ങളിൽ DIG, IG തലത്തിലുള്ള ഉയർന്ന പോലീസ് ഉദ്യോഗസ്ഥരും ചീഫ് പോലീസ് |

| | | | |
|---|---|---|---|
| | | | കോർഡിനേറ്ററും സ്ഥലത്തെത്തി സുരക്ഷാ ക്രമീകരണങ്ങൾക്ക് മേൽനോട്ടം വഹിച്ചിട്ടുണ്ട്. കൂടാതെ സുരക്ഷാക്രമീകരണങ്ങൾ സംസ്ഥാന പോലീസ് മേധാവിയും നേരിട്ടെത്തി വിലയിരുത്തിയിട്ടുള്ളതുമാണ്. |
| (ബി) | നിരവധി ഭക്തർ ശബരിമല ദർശനം ലഭിക്കാതെ തിരികെ പോകേണ്ടി വന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ക്യൂ ക്രമീകരണം ഫലപ്രദമായി നടപ്പാക്കാൻ കഴിയാതെ പോയത് പോലീസ് ഉദ്യോഗസ്ഥരുടെ കുറവ് മൂലം ആണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (ബി) | ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ട്. മണ്ഡല-മകരവിളക്ക് കാലത്ത് ശബരിമലയിൽ ഭക്തജനങ്ങളുടെ തിരക്ക് നിയന്ത്രിക്കുന്നതുമായി ബന്ധപ്പെട്ട് വെർച്വൽ ക്യൂ ബുക്കിംഗ് വഴി പമ്പയിൽ എത്തിച്ചേർന്ന 60000-നും 70000-നും ഇടയ്ക്കുള്ള ഭക്തജനങ്ങളെ 13 വെർച്വൽ ക്യൂ വെരിഫിക്കേഷൻ കൗണ്ടറുകൾ വഴി പ്രതിദിനം ശബരിമല ദർശനത്തിനായി കടത്തിവിടുകയുണ്ടായി. തിരക്കേറിയ ദിവസങ്ങളിൽ വെർച്വൽ ക്യൂ ബുക്കിംഗ് ഇല്ലാതെ spot booking വഴി എത്തിച്ചേർന്ന 8000 നും 10000 നും ഇടയ്ക്കുള്ള ഭക്തജനങ്ങൾക്കും ദർശനം നടത്തുന്നതിന് സൗകര്യം ഒരുക്കി നൽകിയിട്ടുണ്ട്. ബുക്കിംഗ് ഇല്ലാതെ എത്തിച്ചേർന്ന 20000-നും 30000 -നും ഇടയ്ക്കുള്ള ഭക്തജനങ്ങളും ദർശനം നടത്തിയിട്ടുണ്ട്. അതിലുപരി പുൽമേട് വഴി ശരാശരി 5000 ആളുകൾ ഒരു ദിവസം ശബരിമലയിൽ എത്തിച്ചേർന്നിട്ടുണ്ട്. തിരക്ക് നിയന്ത്രിക്കുന്നതിന് തീർത്ഥാടകരെ segment കളാക്കി കൃത്യമായി വെർച്വൽ ക്യൂ കൗണ്ടറുകൾ വഴി കടത്തി വിട്ടാണ് ദർശന സൗകര്യം ഒരുക്കിയിരുന്നത്. സന്നിധാനത്തും, പമ്പയിലും, നിലയ്ക്കലിലും പോലീസ് ഉദ്യോഗസ്ഥരെ ഓരോ എസ്.പി. മാരുടെ നേതൃത്വത്തിൽ പോലീസ് ബന്തവസ് സ്കീം പ്രകാരം വിന്യസിച്ചാണ് ഭക്തജനത്തിരക്ക് നിയന്ത്രിച്ചിരുന്നത്. ഇതിനായി മണ്ഡല-മകരവിളക്ക് സീസൺ 6 ഫേസുകളായി തിരിച്ചാണ് പോലീസ് ഉദ്യോഗസ്ഥരെ ഡ്യൂട്ടിയ്ക്കായി നിയോഗിച്ചിരുന്നത്. ജനക്കൂട്ടം നിയന്ത്രിയ്ക്കുന്നതിന് ആവശ്യമായ സേനാ വിന്യാസം ഓരോ ഫേസുകളിലും നടത്തിയിരുന്നു. കൂടാതെ മണ്ഡലപൂജ-മകരവിളക്ക് കാലയളവിലെ തിരക്കേറിയ ദിവസങ്ങളിൽ DIG, IG തലത്തിലുള്ള ഉയർന്ന പോലീസ് ഉദ്യോഗസ്ഥരും ചീഫ് പോലീസ് കോർഡിനേറ്ററും സ്ഥലത്തെത്തി സുരക്ഷാ ക്രമീകരണങ്ങൾക്ക് മേൽനോട്ടം വഹിച്ചിട്ടുണ്ട്. കൂടാതെ സുരക്ഷാക്രമീകരണങ്ങൾ സംസ്ഥാന പോലീസ് മേധാവിയും നേരിട്ടെത്തി വിലയിരുത്തിയിട്ടുള്ളതുമാണ്. |
| (സി) | മണ്ഡലകാല പ്രവർത്തനങ്ങൾ മന്ത്രി തലത്തിൽ ഏകോപിപ്പിക്കുന്നതിനു സാധിക്കാത്ത സാഹചര്യം ആദ്യ ഘട്ടത്തിൽ ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | ഇല്ല. 2022-23 വർഷത്തെ ശബരിമല തീർത്ഥാടനം വിജയകരമായി പൂർത്തിയാക്കിയ ശേഷം മുതൽ തന്നെ 2023-24 വർഷത്തെ ശബരിമല |

| | | | |
|---|---|---|---|
| | | | തീർത്ഥാടനത്തിനുള്ള മുന്നൊരുക്കങ്ങൾ സർക്കാർ തലത്തിൽ ആരംഭിച്ചിരുന്നു. 2022-23 ശബരിമല തീർത്ഥാനത്തിന്റെ വിജയത്തിനായി പ്രയത്നിച്ച വകുപ്പുകളെ അനുമോദിക്കുന്നതിനായി ബഹു. ദേവസ്വം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 16/02/2023-ന് പമ്പയിൽ വച്ച് ചേർന്ന യോഗത്തിൽ വച്ച് 2023-24 തീർത്ഥാടന കാലത്തേക്കുള്ള തയ്യാറെടുപ്പുകൾ കാലേക്കൂട്ടി ആരംഭിക്കണമെന്ന് എല്ലാ സർക്കാർ വകുപ്പുകൾക്കും തിരുവിതാംകൂർ ദേവസ്വം ബോർഡിനും നിർദ്ദേശം നൽകിയിരുന്നു.<br><br>തുടർന്ന് ബഹു. ദേവസ്വം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 16/08/2023-ന് തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ഉന്നത ഉദ്യോഗസ്ഥരുടെ യോഗം ചേരുകയും പ്രസ്തുത യോഗത്തിൽ 2023-24 തീർത്ഥാടനത്തിനായി ബോർഡ് സ്വീകരിച്ചിരിക്കുന്ന ക്രമീകരണങ്ങൾ പരിശോധിക്കുകയും മുന്നൊരുക്കങ്ങൾ അവലോകനം ചെയ്ത് നിർദ്ദേശങ്ങൾ നൽകുകയുമുണ്ടായി. ബഹു. ദേവസ്വം വകുപ്പ് മന്ത്രിയുടെ തന്നെ അദ്ധ്യക്ഷതയിൽ ബന്ധപ്പെട്ട എല്ലാ വകുപ്പുകളിൽ നിന്നുള്ള ഉദ്യോഗസ്ഥരെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രതിനിധികളെയും കൂടി ഉൾപ്പെടുത്തി 27/09/2023-ന് പമ്പയിൽ വച്ചും 31/10/2023-ന് എരുമേലി, നിലയ്ക്കൽ എന്നിവിടങ്ങളിൽ വച്ചും അവലോകന യോഗങ്ങൾ ചേർന്നിരുന്നു. കൂടാതെ ബന്ധപ്പെട്ട വകുപ്പ് മന്ത്രിമാരുടെ കൂടി സാന്നിധ്യത്തിൽ ഗതാഗതം, ജലവിഭവം, വനം, റവന്യൂ വകുപ്പുകളുടെ പ്രത്യേകം പ്രത്യേകം യോഗങ്ങൾ ബഹു. ദേവസ്വം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 11/10/2023-ന് ഗവ. സെക്രട്ടറിയറ്റിൽ വച്ച് ചേർന്നിരുന്നു. കൂടാതെ തീർത്ഥാടനകാലം ആരംഭിച്ചതിന് ശേഷവും ബഹു. ദേവസ്വം വകുപ്പ് മന്ത്രി സന്നിധാനത്ത് നേരിട്ടെത്തി ക്രമീകരണങ്ങൾ വിലയിരുത്തുകയും ഏകോപിപ്പിക്കുകയും ചെയ്തിട്ടുള്ളതാണ്. |
| (ഡി) | ഭക്തരുടെ തിരക്ക് വർധിക്കാനുള്ള സാധ്യത മുൻകൂട്ടി കാണുന്നതിൽ അധികൃതർക്ക് പിഴവ് സംഭവിച്ചിട്ടുണ്ടോ; എങ്കിൽ ഇത്തരം പ്രതിസന്ധികൾ ആവർത്തിക്കാതിരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ? | (ഡി) | ഇല്ല. മണ്ഡല-മകരവിളക്ക് കാലത്ത് ശബരിമലയിൽ ഭക്തജനങ്ങളുടെ തിരക്ക് നിയന്ത്രിക്കുന്നതുമായി ബന്ധപ്പെട്ട് വെർച്വൽ ക്യൂ ബുക്കിംഗ് വഴി പമ്പയിൽ എത്തിച്ചേർന്ന 60000-നും 70000-നും ഇടയ്ക്കുള്ള ഭക്തജനങ്ങളെ 13 വെർച്വൽ ക്യൂ വെരിഫിക്കേഷൻ കൗണ്ടറുകൾ വഴി പ്രതിദിനം ശബരിമല ദർശനത്തിനായി കടത്തിവിടുകയുണ്ടായി. തിരക്കേറിയ ദിവസങ്ങളിൽ വെർച്വൽ ക്യൂ ബുക്കിംഗ് ഇല്ലാതെ spot booking വഴി എത്തിച്ചേർന്ന 8000 നും 10000 നും ഇടയ്ക്കുള്ള ഭക്തജനങ്ങൾക്കും ദർശനം |

| | | | |
|---|---|---|---|
| | | | നടത്തുന്നതിന് സൗകര്യം ഒരുക്കി നൽകിയിട്ടുണ്ട്. ബുക്കിംഗ് ഇല്ലാതെ എത്തിച്ചേർന്ന 20000-നും 30000 -നും ഇടയ്ക്കുള്ള ഭക്തജനങ്ങളും ദർശനം നടത്തിയിട്ടുണ്ട്. അതിലുപരി പുൽമേട് വഴി ശരാശരി 5000 ആളുകൾ ഒരു ദിവസം ശബരിമലയിൽ എത്തിച്ചേർന്നിട്ടുണ്ട്. തിരക്ക് നിയന്ത്രിക്കുന്നതിന് തീർത്ഥാടകരെ segment കളാക്കി കൃത്യമായി വെർച്വൽ ക്യൂ കൗണ്ടറുകൾ വഴി കടത്തി വിട്ടാണ് ദർശന സൗകര്യം ഒരുക്കിയിരുന്നത്. സന്നിധാനത്തും, പമ്പയിലും, നിലയ്ക്കലിലും പോലീസ് ഉദ്യോഗസ്ഥരെ ഓരോ എസ്.പി. മാരുടെ നേതൃത്വത്തിൽ പോലീസ് ബന്തവസ് സ്കീം പ്രകാരം വിന്യസിച്ചാണ് ഭക്തജനത്തിരക്ക് നിയന്ത്രിച്ചിരുന്നത്. ഇതിനായി മണ്ഡല-മകരവിളക്ക് സീസൺ 6 ഫേസുകളായി തിരിച്ചാണ് പോലീസ് ഉദ്യോഗസ്ഥരെ ഡ്യൂട്ടിയ്ക്കായി നിയോഗിച്ചിരുന്നത്. ജനക്കൂട്ടം നിയന്ത്രിയ്ക്കുന്നതിന് ആവശ്യമായ സേനാ വിന്യാസം ഓരോ ഫേസുകളിലും നടത്തിയിരുന്നു. കൂടാതെ മണ്ഡലപൂജ-മകരവിളക്ക് കാലയളവിലെ തിരക്കേറിയ ദിവസങ്ങളിൽ DIG, IG തലത്തിലുള്ള ഉയർന്ന പോലീസ് ഉദ്യോഗസ്ഥരും ചീഫ് പോലീസ് കോർഡിനേറ്ററും സ്ഥലത്തെത്തി സുരക്ഷാ ക്രമീകരണങ്ങൾക്ക് മേൽനോട്ടം വഹിച്ചിട്ടുണ്ട്. കൂടാതെ സുരക്ഷാക്രമീകരണങ്ങൾ സംസ്ഥാന പോലീസ് മേധാവിയും നേരിട്ടെത്തി വിലയിരുത്തിയിട്ടുള്ളതുമാണ്. തിരക്ക് നിയന്ത്രിക്കുന്നതിന്റെ ഭാഗമായി തീർത്ഥാടകർക്ക് അധിക സമയം ക്യൂ നിൽക്കേണ്ടിവന്ന സമയത്ത് തീർത്ഥാടകർക്ക് വേണ്ട കുടിവെള്ളം, ലഘുഭക്ഷണങ്ങൾ, മറ്റ് സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിരുന്നു. ഒരോ ദിവസത്തെയും queue status -ഉം തീർത്ഥാടകരുടെ വരവിന്റെ കണക്കും ബഹു. ഹൈക്കോടതിയുടെ ഉൾപ്പെടെ ശ്രദ്ധയിൽപെടുത്തിയിട്ടുള്ളതും ഭക്തരുടെ സുരക്ഷയും തിരക്കും നിയന്ത്രിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ